LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 8317000 റേഷൻ കാർഡുകൾ ഉണ്ട്. നിലവിലെ റേഷൻ കാർഡുകളുടെ കാലാവധി 2012-ൽ അവസാനിച്ചിരുന്നു. റേഷൻ വിഹിതം ലഭിക്കത്തക്ക വിധം കാർഡിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്.

(ബി) ദേശീയ ഭക്ഷ്യസുരക്ഷ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിന് നിലവിലെ കാർഡുകൾ പുതുക്കുന്ന നടപടികൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.

(സി) റേഷൻ കാർഡുകൾ പുതുക്കി നൽകാത്തതുമൂലം എന്തെങ്കിലും നഷ്ടം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) റേഷൻ കാർഡ് പുതുക്കി നൽകാതിരുന്നത് ഉദ്യോഗസ്ഥരുടെ വീഴ്ചമൂലമല്ല. സംസ്ഥാനത്തെ റേഷൻ കാർഡ് പുതുക്കൽ പ്രക്രിയ, ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിൽവരുന്ന നടപടിക്കൊപ്പം പൂർത്തീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. റേഷൻ കാർഡ് പുതുക്കുന്നതിന്റെ ഭാഗമായ സൗജന്യ ഫാറങ്ങളുടെ വിതരണം 1-1-2015 മുതൽ ആരംഭിക്കുന്നതാണ്. ഇങ്ങനെ വിതരണം ചെയ്യുന്ന ഫോറങ്ങൾ പ്രത്യേകമായി സജ്ജീകരിച്ചിട്ടുള്ള ക്യാമ്പുകളിലൂടെ കാർഡുടമകളുടെ ഫോട്ടോ എടുക്കുന്നതോടൊപ്പം മടക്കിവാങ്ങി ഡാറ്റാ എൻട്രി നടത്തി മുൻഗണനാ വിഭാഗത്തെ കണ്ടെത്തി പട്ടിക പ്രസിദ്ധീകരിക്കുകയും ടി പട്ടികയ്ക്ക് പഞ്ചായത്ത് വഴി അംഗീകാരം നൽകി കാർഡ് പുതുക്കി നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇപ്പോഴത്തെ സമയ പട്ടികയനുസരിച്ച് 1-9-2015 മുതൽ പുതിയ റേഷൻ കാർഡുകൾ നിലവിൽ വരുന്നതാണ്.

റേഷൻ കാർഡ് പുതുക്കലും റേഷൻ വിതരണവും

264 (1321) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡ് പുതുക്കുന്നത് സംബന്ധിച്ച് നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ട് ഇല്ലാത്ത രീതിയിൽ റേഷൻ കടകൾ വഴി അപേക്ഷാ ഫാറം വിതരണം ചെയ്ത് റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഒരു മാസത്തിൽ ഒരു റേഷൻകാർഡ് ഗുണഭോക്താവിന് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന റേഷന്റെ അളവ് വ്യക്തമാക്കാമോ;

(ഡി) റേഷൻ കടകളിൽ നിന്നും പലപ്പോഴും നിശ്ചിത അളവിൽ ഭക്ഷ്യ ധാന്യം കിട്ടാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം കടകൾക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 2009-ൽ ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിനായി 14-1-2011-ലെ സ.ഉ.(കൈ)നമ്പർ 16/11/ത.സ്വ.ഭ.വ, 27-4-2012-ലെ സ.ഉ. (കൈ)നമ്പർ 112/12/ത.സ്വ.ഭ.വ എന്നീ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഫോറം നിലവിലെ കാർഡുടമകൾക്ക് റേഷൻ കടകൾ വഴി സൗജന്യമായി വിതരണം നടത്തി വിവര ശേഖരണം നടത്തി സ.ഉ. (കൈ)നമ്പർ 16/11/ത.സ്വ.ഭ.വ. പ്രകാരം റാങ്കിംഗ് നടത്തി കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് പഞ്ചായത്തുകൾ അംഗീകരിച്ച് നൽകുന്ന അന്തിമ മുൻഗണനാ പട്ടിക പ്രകാരം മുൻഗണനാ കാർഡുകൾ നൽകുന്ന നടപടിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാത്തവർക്ക് പൊതു വിഭാഗത്തിനുള്ള കാർഡുകളും പുതുക്കി നൽകും.

(ബി) അപേക്ഷാ ഫാറം റേഷൻ കടകൾ വഴി സൗജന്യമായാണ് വിതരണം ചെയ്യുന്നത്.

(സി) എ.എ.വൈ. കാർഡുകൾക്ക് 35 കിലോ അരി, ബി.പി.എൽ. കാർഡുകൾക്ക് 25 കിലോ അരി, 5 കിലോ ഗോതമ്പ്, എ.പി.എൽ. കാർഡുകൾക്ക് 9 കിലോ അരി, 2 കിലോ ഗോതമ്പ്, ബി.പി.എൽ., എ.എ.വൈ. കാർഡുകളിലെ ഓരോ അംഗത്തിനും 400 ഗ്രാം നിരക്കിൽ പഞ്ചസാര, വൈദ്യുതീകരിച്ച കാർഡുകൾക്ക് ലഭ്യതയനുസരിച്ച് ½ ലിറ്റർ അല്ലെങ്കിൽ 1 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത കാർഡുകൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ഒരു മാസം ലഭിക്കും.

(ഡി) പ്രതിമാസ വിതരണ വിവരം പത്രമാധ്യമങ്ങളിൽക്കൂടിയും റേഷൻകടയിൽ പ്രദർശിപ്പിക്കുന്ന നോട്ടീസ് വഴിയും റേഷൻകാർഡുടമകൾക്ക് ലഭ്യമാക്കാറുണ്ട്. വിതരണ വിഹിതം കുറവായാണ് ലഭിക്കുന്നതെങ്കിൽ ടി. വിവരം അറിയിക്കുന്നതിനായി ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. പരാതികൾ ലഭിച്ചാൽ പരിശോധനയ്ക്ക് ശേഷം കടകൾക്കെതിരെ 1966-ലെ കേരള റേഷനിംഗ് ഓർഡർ അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly